ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 15.04.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഐഎഎസ് ഉദ്യോഗസ്ഥരുടെ ജനക്ഷേമ പ്രവർത്തനങ്ങൾ ദേശീയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സഹായകമാകുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു.

   **President Droupadi Murmu stated that the welfare activities of IAS officials will help achieve national goals.**

2. കുട്ടികളെ കടത്തുന്നതുമായി ബന്ധപ്പെട്ട കേസുകളിൽ വിചാരണ വേഗത്തിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സുപ്രീം കോടതി.

   **The Supreme Court issued guidelines for expediting trials in cases related to child trafficking..**

3. രാജ്യത്തെ ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനാണ് വഖഫ് ഭേദഗതി നിയമം കൊണ്ടുവന്നതെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. കൊച്ചി മുനമ്പത്തെ സമര പന്തൽ കേന്ദ്രമന്ത്രി സന്ദർശിച്ചു.

   **Union Minister Kiran Rijiju stated that the Waqf Amendment Act was introduced to protect the rights of the people in the country. The minister visited the protest site in Kochi.**

4. നാഷണൽ ഹെറാൾഡ് കേസിൽ സോണിയ ഗാന്ധിക്കും രാഹുൽ ഗാന്ധിക്കുമെതിരെ ഇ ഡി കുറ്റപത്രം സമർപ്പിച്ചു.

**The ED submitted a charge sheet against Sonia Gandhi and Rahul Gandhi in the National Herald case.**

5. **കേരളത്തിൽ അമീബിക്ക് മസ്തിഷ്ക ജ്വരത്തിനെതിരെ ജാഗ്രത പാലിക്കണമെന്ന് മന്ത്രി വീണാ ജോർജ്.**

**Minister Veena George urged caution against encephalitis caused by amoebae in Kerala.**

6. **ഐപിഎലിൽ കൊൽക്കത്തക്കെതിരെ പഞ്ചാബ് ബാറ്റിംഗ് തെരഞ്ഞെടുത്തു.**

**Punjab has opted for batting against Kolkata in the IPL.**

**&&&&&&&&&&&&&&&&**

## PREZ-IAS MEET

സംസ്ഥാന, പ്രാദേശിക തലങ്ങളിൽ ഐഎഎസ് ഉദ്യോഗസ്ഥർ നടത്തുന്ന ജനക്ഷേമ, വികസന പ്രവർത്തനങ്ങൾ ദേശീയ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സഹായകമാകുമെന്ന് രാഷ്ട്രപതി ദ്രൗപതി മുർമു. 2023 ബാച്ചിലെ ഐഎഎസ് ഉദ്യോഗസ്ഥരുമായി രാഷ്ട്രപതി ഭവനിൽ നടത്തിയ കൂടിക്കാഴ്ചക്കിടെ സംസാരിക്കുകയായിരുന്നു ശ്രീമതി മുർമു. ഓരോ ഉദ്യോഗസ്ഥരും സ്വന്തം അവകാശങ്ങൾ തങ്ങളുടെ ഉത്തരവാദിത്തങ്ങൾ ഫലപ്രദമായി നിറവേറ്റുന്നതിനായി പ്രയോജനപ്പെടുത്തണമെന്നും രാഷ്ട്രപതി നിർദേശിച്ചു.

**&&&&&&&&&&&&&&&&**

## SC-CHILD TRAFFICKING

കുട്ടികളെ കടത്തുന്നതുമായി ബന്ധപ്പെട്ട് രാജ്യത്തുടനീളം നടക്കുന്ന കുറ്റകൃത്യങ്ങൾ തടയുന്നതിനും വേഗത്തിൽ വിചാരണ നടത്തുന്നതിനുമായി കർശന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് സുപ്രീം കോടതി. ഇത്തരം കേസുകളിൽ ആറ് മാസത്തിനുള്ളിൽ വിചാരണ പൂർത്തിയാക്കാൻ കീഴ്ക്കോടതികൾക്ക് നിർദ്ദേശം നൽകണമെന്ന് ജസ്റ്റിസുമാരായ ജെ ബി പർദിവാല, ആർ മഹാദേവൻ എന്നിവരടങ്ങുന്ന ബെഞ്ച് രാജ്യത്തുടനീളമുള്ള ഹൈക്കോടതികളോട് നിർദ്ദേശിച്ചു. ഉത്തർപ്രദേശിൽ കുട്ടികളെ കടത്തിയ കേസിലെ പ്രതികൾ സമർപ്പിച്ച മുൻകൂർ ജാമ്യാപേക്ഷകൾ പരിഗണിക്കുന്നതിനിടെയാണ് സുപ്രീം

കോടതിയുടെ നിർദ്ദേശം. നീതി നടപ്പാക്കുന്നതിലെ കാലതാമസം തടയാൻ ഇത്തരം കേസുകൾ ദിവസേന കേൾക്കണമെന്നും കോടതി ഉത്തരവിട്ടു.

&&&&&&&&&&&&&&&&

## PM-DENMARK PM

പ്രധാനമന്ത്രി നരേന്ദ്രമോദി ഡെന്മാർക്ക് പ്രധാനമന്ത്രി മെറ്റ് ഫ്രെഡറിക്സണുമായി ഫോൺ സംഭാഷണം നടത്തി. ഇന്ത്യയും ഡെന്മാർക്കും തമ്മിൽ വിവിധ മേഖലകളിൽ സഹകരണം വർദ്ധിപ്പിക്കുന്നതിനെക്കുറിച്ച് ഇരുനേതാക്കളും ചർച്ച ചെയ്തു. സംഭാഷണത്തിൽ ഇന്ത്യ-ഡെൻമാർക്ക് ഗ്രീൻ സ്ട്രാറ്റജിക് പങ്കാളിത്തത്തിനുള്ള പിന്തുണ ഇരുവരും ആവർത്തിച്ചു. പരസ്പര താൽപ്പര്യമുള്ള പ്രാദേശിക, ആഗോള വികസനങ്ങളെക്കുറിച്ചും ചർച്ച നടന്നതായി ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## KIREN RIJIJU (INTRO)

രാജ്യത്തെ ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനും അനധികൃതമായി ഭൂമി കൈയ്യേറുന്നത് തടയുന്നതിനുമാണ് വഖഫ് ഭേദഗതി നിയമം കൊണ്ടുവന്നതെന്ന് കേന്ദ്രമന്ത്രി കിരൺ റിജിജു. മുനമ്പത്തെ ഭൂമി ഏകപക്ഷീയമായി വഖഫ് ഭൂമിയായി പ്രഖ്യാപിക്കാൻ അനുവദിക്കില്ലെന്നും എല്ലാ പൗരന്മാരുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുമെന്നും അദ്ദേഹം കൊച്ചിയിൽ വാർത്താസമ്മേളനത്തിൽ

പറഞ്ഞു. വഖഫ് നിയമം ഒരു പ്രത്യക വിഭാഗത്തെ ലക്ഷ്യമിട്ടുള്ളതല്ലെന്നും പല മുസ്ലിം സംഘടനകളും നിയമത്തെ അനുകൂലിക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

**(ഹോൾഡ് വോയ്സ്......)**

വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പുമായി ശ്രീ കിരൺ റിജിജു കൂടിക്കാഴ്ച നടത്തി. മുനമ്പം സമര പന്തലിലെത്തിയ കേന്ദ്രമന്ത്രി സമരക്കാരെ നേരിൽ കണ്ടു. വഖഫ് ഭേദഗതി നിയമം കൊണ്ടുവന്നതിൽ പ്രധാനമന്ത്രിക്ക് നന്ദി അറിയിച്ച് എൻഡിഎ മുനമ്പത്ത് സംഘടിപ്പിച്ച 'നന്ദി മോദി' പരിപാടിയിലും അദ്ദേഹം പങ്കെടുത്തു.

&&&&&&&&&&&&&&&&

## SHIVRAJ SINGH CHOUHAN

ബ്രസീലിൽ മറ്റന്നാൾ നടക്കുന്ന 15-ാമത് ബ്രിക്സ് കൃഷിമന്ത്രിമാരുടെ യോഗത്തിൽ കേന്ദ്ര കൃഷി മന്ത്രി ശിവരാജ് സിങ്ങ് ചൗഹാൻ പങ്കെടുക്കും. കാർഷിക മേഖലയുടെ സുസ്ഥിര വികസനം സംബന്ധിച്ച ചർച്ചകളാണ് യോഗത്തിൽ നടക്കുക. യോഗത്തിൻറെ പശ്ചാത്തലത്തിൽ, വിവിധ നേതാക്കളുമായി അദ്ദേഹം ഉഭയകക്ഷി ചർച്ചകളും നടത്തും. ഏക് പേഡ് മാ കേ നാം പ്രചാരണ പരിപാടിയുടെ ഭാഗമായി, ബ്രസീലിയയിലെ ഇന്ത്യൻ എംബസിയിൽ കേന്ദ്രമന്ത്രി വൃക്ഷത്തൈ നടും. ബ്രസീലിലെ ഇന്ത്യൻ പ്രവാസി സമൂഹവുമായും, കാർഷിക മേഖലയിലെ വ്യവസായ പ്രമുഖരുമായും ശ്രീ ചൗഹാൻ സംവദിക്കും.

&&&&&&&&&&&&&&&&

## ED - CHARGESHEET

നാഷണൽ ഹെറാൾഡ് പത്രവുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ കോൺഗ്രസ് നേതാക്കളായ സോണിയ ഗാന്ധി, രാഹുൽ ഗാന്ധി എന്നിവരെ പ്രതിചേർത്ത് കുറ്റപത്രം സമർപ്പിച്ച് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ്. ഡൽഹിയിലെ റൗസ് അവന്യൂ കോടതിയിൽ സമർപ്പിച്ച കുറ്റപത്രം പരിശോധിച്ച പ്രത്യേക ജഡ്ജി വിശാൽ ഗോഗ്നെ തുടർ നടപടികൾക്കായി കേസ് ഈ മാസം 25-ലേക്ക് മാറ്റി. പ്രതികളായി കോൺഗ്രസ് നേതാക്കളായ സാം പിട്രോഡ, സുമൻ ദുബെ എന്നിവരെയും കുറ്റപത്രത്തിൽ പരാമർശിച്ചിട്ടുണ്ട്.

&&&&&&&&&&&&&&&&

## ED - ROBERT VADRA

ഹരിയാന ഭൂമി ഇടപാടുമായി ബന്ധപ്പെട്ട കള്ളപ്പണം വെളുപ്പിക്കൽ കേസിൽ കോൺഗ്രസ് നേതാവ് പ്രിയങ്കാ ഗാന്ധിയുടെ ഭർത്താവ് റോബർട്ട് വാദ്രയെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് ചോദ്യം ചെയ്തു. ഗുരുഗ്രാമിൽ വാദ്രയുടെ കമ്പനി, ഭൂമി വാങ്ങിയതുമായി ബന്ധപ്പെട്ടാണ് കേസ്.

&&&&&&&&&&&&&&&&

## BENGALURU WAVES CONTEST

മേയ് 1 മുതൽ 4 വരെ മുംബൈയിൽ നടക്കുന്ന WAVES ഉച്ചകോടി യോടനുബന്ധിച്ച് ജാപ്പനീസ് ശൈലിയിലുള്ള ആനിമേഷൻ, കോമിക്സ്, ശബ്ദാഭിനയം തുടങ്ങി അഞ്ച് വിഭാഗങ്ങളിലായി സംസ്ഥാന തല മത്സരം ബെംഗളൂരുവിൽ സംഘടിപ്പിച്ചു. മത്സരത്തിലെ ഫൈനലിസ്റ്റുകൾക്ക് മുംബൈയിൽ നടക്കുന്ന WAVES അഖിലേന്ത്യാ തല മത്സരത്തിൽ പങ്കെടുക്കാൻ അവസരം ലഭിക്കും. വിജയികൾക്ക് ടോക്കിയോയിൽ നടക്കുന്ന Anime Japan 2026-ൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുക്കാൻ സാധിക്കും.

&&&&&&&&&&&&&&&&

## GADKARI-AIMA (INTRO)

രാജ്യത്തിൻറെ അടിസ്ഥാന സൗകര്യ വികസനം മെച്ചപ്പെടുത്തേണ്ടത് സുപ്രധാനമാണെന്ന് കേന്ദ്രമന്ത്രി നിതിൻ ഗഡ്കരി. ഹൈവേ നിർമ്മാണത്തിലെ വേഗത പ്രതിദിനം 100 കിലോമീറ്റർ എന്ന നില യിലേക്ക് ഉയർത്താനാണ് കേന്ദ്രസർക്കാർ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു. ഓൾ ഇന്ത്യ മാനേജ്മെൻറ് അസോസിയേഷൻറെ പത്താമത് ദേശീയ നേതൃത്വ സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. അടുത്ത 18 മാസത്തിനുള്ളിൽ രാജ്യത്തെ റോഡ് അടിസ്ഥാന സൗകര്യങ്ങൾ അമേരിക്കയേക്കാൾ മികച്ചതാകുമെന്നും ഗഡ്കരി പറഞ്ഞു.

(ഹോൾഡ്)

&&&&&&&&&&&&&&&&

## MENINGITIS

കേരളത്തിൽ അമീബിക്ക് മസ്തിഷ്ക ജ്വരത്തിനെതിരെ ജാഗ്രത പാലിക്കണ മെന്ന് മന്ത്രി വീണാ ജോർജ്. ജലാശയങ്ങളിൽ കുളിക്കുന്നവർ ശ്രദ്ധിക്കണ മെന്നും രോഗലക്ഷണങ്ങൾ കണ്ടാൽ ഉടനടി ചികിത്സ തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു. സംസ്ഥാനത്ത് 2024ൽ 38 അമീബിക് മസ്തിഷ്ക ജ്വര കേസുകളും 8 മരണവും ഉണ്ടായിട്ടുണ്ട്. ഈ വർഷം 12 കേസുകളും 5 മരണവും ഉണ്ടായ തായും മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&

## ATHIRAPPILLI

തൃശ്ശൂർ അതിരപ്പിള്ളിയിൽ വന്യജീവി ആക്രമണത്തിൽ മരിച്ചവരുടെ ആശ്രിതർക്ക് സംസ്ഥാന സർക്കാർ 10 ലക്ഷം രൂപ ധനസഹായം നൽകുമെന്ന് റവന്യൂ മന്ത്രി കെ രാജൻ. 5 ലക്ഷം രൂപ ഇന്ന് തന്നെ അടിയന്തരമായി കൈമാറുമെന്നും അദ്ദേഹം തൃശൂരിൽ പറഞ്ഞു. അതേസമയം മേഖലയിലെ കാട്ടാന ആക്രമണങ്ങളിൽ പ്രതിഷേധിച്ച് ജനകീയ കൂട്ടായ്മ നാളെ ഹർത്താലിന് ആഹ്വാനം ചെയ്യു. വാഴച്ചാൽ സ്വദേശികളായ അംബിക, സതീഷ് എന്നിവരാണ് ഇന്നലെ രാത്രി കാട്ടാന ആക്രമണത്തിൽ മരിച്ചത്.

&&&&&&&&&&&&&&&&

## UN - SUDAN ATTACKS

സുഡാനിലെ അഭയാർത്ഥി ക്യാമ്പിനു നേരെയുണ്ടായ ആക്രമണങ്ങളിൽ 300-ലധികം സാധാരണക്കാർ കൊല്ലപ്പെട്ടെന്ന റിപ്പോർട്ടുകളിൽ കടുത്ത ആശങ്ക പ്രകടിപ്പിച്ച് ഐക്യരാഷ്ട്രസഭ. ക്യാമ്പിൽ പ്രവർത്തിച്ചിരുന്ന ആരോഗ്യ കേന്ദ്രത്തിലെ 10 മനുഷ്യാവകാശ പ്രവർത്തകരും ആക്രമണത്തിൽ കൊല്ല പ്പെട്ടതായി അധികൃതർ അറിയിച്ചു. ആക്രമണത്തിൽ 23 കുട്ടികൾ കൊല്ലപ്പെട്ട തായി യുണിസെഫും റിപ്പോർട്ട് ചെയ്യു.

&&&&&&&&&&&&&&&&

## IPL

ഐപിഎൽ ക്രിക്കറ്റിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെതിരെ ടോസ് നേടിയ പഞ്ചാബ് കിങ്സ് ബാറ്റിംഗ് തെരഞ്ഞെടുത്തു. മുല്ലൻപൂരിലെ പഞ്ചാബ് ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിലാണ് മത്സരം.

&&&&&&&&&&&&&&&&

## IMD MONSOON EARLY

ഈ വർഷത്തെ തെക്കുപടിഞ്ഞാറൻ മൺസൂൺ സാധാരണയേക്കാൾ കൂടുതലായിരിക്കുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. രാജ്യത്തെ മിക്ക പ്രദേശങ്ങളിലും ജൂൺ മുതൽ സെപ്റ്റംബർ വരെ സാധാരണയെക്കാൾ കൂടുതൽ മഴ ലഭിക്കുമെന്ന് IMD ഡയറക്ടർ ജനറൽ - മൃത്യുഞ്ജയ് മൊഹപത്ര ന്യൂ ഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു. ഈ വർഷവും എൽ നിനോ പ്രതിഭാസത്തിന് സാധ്യതയുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.

&&&&&&&&&&&&&&&&

## REV. MURSHIDABAD-WAQF-NORMALCY

വഖഫ് വിഷയത്തിൽ പശ്ചിമ ബംഗാളിലെ മുർഷിദാബാദിലെ അക്രമ ബാധിത മേഖലകൾ സാധാരണ നിലയിലേക്ക് മടങ്ങുന്നു. ജില്ലയിലെ സംഘർഷബാധിത പ്രദേശങ്ങളിൽ പോലീസ്, കേന്ദ്ര സേന, ദ്രുത കർമ സേന, എന്നിവയുടെ നേതൃത്വത്തിൽ പട്രോളിംഗ് നടത്തുന്നുണ്ട്. കടകളും വ്യാപാര സ്ഥാപനങ്ങളും തുറന്നു പ്രവർത്തിക്കാൻ തുടങ്ങിയിട്ടുണ്ട്. അതേസമയം സംഘർഷവുമായി ബന്ധപ്പെട്ട് വിവിധ സ്ഥലങ്ങളിൽ നിന്നായി ഇതുവരെ 223 പേരെ അറസ്റ്റ് ചെയ്തു.

&&&&&&&&&&&&&&&&

## WPI- MARCH DATA

രാജ്യത്തിൻറെ മൊത്തവില സൂചിക അടിസ്ഥാനമാക്കിയുള്ള പണപ്പെരുപ്പം ഇക്കഴിഞ്ഞ മാർച്ച് മാസത്തിൽ 2.05 ശതമാനമായി കുറഞ്ഞു. വാണിജ്യ വ്യവസായ മന്ത്രാലയം ഇന്ന് പുറത്തിറക്കിയ ഡാറ്റയിലാണ് ഇക്കാര്യം സൂചിപ്പിച്ചിട്ടുള്ളത്. ഈ വർഷം ഫെബ്രുവരിയിൽ പണപ്പെരുപ്പം 2.38 ശതമാനമായിരുന്നു.

&&&&&&&&&&&&&&&&

## SOLAR ENERGY

ഇന്ത്യയുടെ പുരപ്പുറ സൗരോർജ്ജ ശേഷി അടുത്ത സാമ്പത്തിക വർഷത്തോടെ 25 മുതൽ 30 ജിഗാ വാട്ട് വരെ ഉയരാൻ സാധ്യത. വരും നാളുകളിൽ രാജ്യത്തിൻറെ വാണിജ്യ, വ്യാവസായിക നേട്ടത്തിൽ സൗരോർജ്ജം നിർണായക പങ്ക് വഹിക്കുമെന്ന് കെയർ എഡ്ജ് റേറ്റിംഗ് റിപ്പോർട്ട് വ്യക്തമാക്കി. 2030 ഓടെ ദേശീയ സൗരോർജ്ജ ശേഷി 300 ജിഗാവാട്ട് എത്തുമെന്നാണ് പ്രതീക്ഷിക്കുന്നത്.

&&&&&&&&&&&&&&
&&&&&&&&&&
&&&&&&